LIBRARY ARCHIVES Kerala Legislative Assembly

വീടുപണി പൂർത്തിയാക്കാൻ പ്രത്യേക പദ്ധതി

139 (T* 4721) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ വകുപ്പുകളും വീട് വയ്ക്കുവാൻ നൽകുന്ന ധന തികയാത്തതിനാൽ വീട് പണി പൂർത്തിയാക്കാൻ സാധിക്കാതെ നിരവധിപേർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ വീട് പണി പൂർത്തിയാക്കാൻ സാധിക്കാതെ വന്നവർക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരക്കാരെ സഹായിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ ?

ഉത്തരം

(എ & ബി) ഇക്കാര്യം ഭവന നിർമ്മാണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതര സർക്കാർ വകുപ്പുകൾ വീടുവയ്ക്കാൻ നൽകുന്ന സാമ്പത്തിക സഹായം തികയാതെ വരുന്നവർക്ക് വീടുപണി പൂർത്തിയാക്കുവാൻ നിലവിൽ പദ്ധതികളൊന്നും ഭവന നിർമ്മാണ വകുപ്പിന്റെ പരിഗണനയിലില്ല.

സാഫല്യം ഭവന നിർമ്മാണ പദ്ധതി

140 (4722) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാഫല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

---

* T അടയാളപ്പെടുത്തിയ ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂ-ഭവന രഹിതരായ ദുർബലവിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സർക്കാർ സബ്സിഡിയോടുകൂടി പാർപ്പിടം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുകയാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഭൂ-ഭവന രഹിതരായ ദുർബലവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിന് ടി പദ്ധതിയിലൂടെ 327 ച.അടി വിസ്തീർണ്ണം ഉള്ള (സർവ്വീസ്സടക്കം) 3.50 ലക്ഷം രൂപ ചെലവ് വരുന്ന ഫ്ലാറ്റുകളാണ് നിർമ്മിക്കുന്നത്. ഇതിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ HUDCO വായ്പയും 25,000 രൂപ സന്നദ്ധസംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. HUDCO വായ്പ സമാഹരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി യുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിലാണ് നിലവിൽ പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്കുള്ള ചെലവ് വഹിക്കേണ്ടതും പഞ്ചായത്താണ്.

(ഡി) ടി പദ്ധതിയുടെ നടത്തിപ്പിനായി 2011-12 മുതൽ സർക്കാർ സബ്സിഡി യുക ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. 2011-12, 2013-14 വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചാണ് പദ്ധതിയുടെ ആദ്യഘട്ടമായി 216 ഫ്ലാറ്റുകൾ കൊല്ലം (ചാത്തന്നൂർ), എറണാകുളം (ചോറ്റാനിക്കര), തൃശ്ശൂർ (പുത്തൂക്കാട്), കോഴിക്കോട് (ചേളന്നൂർ) എന്നിവിടങ്ങളിൽ നിർമ്മിച്ചുവരുന്നത്. ഇതിൽ ചാത്തന്നൂർ സാഫല്യം പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 2014-15 വർഷത്തെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് എറണാകുളം ഇലഞ്ഞിയിൽ 48 ഫ്ലാറ്റുകളും പാലക്കാട് ലക്കിടി-പേരൂർ പഞ്ചായത്തിൽ 66 ഫ്ലാറ്റുകളും കാസർകോട് ചെമ്മനാട് 24 ഫ്ലാറ്റുകളും നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.2015-16 വർഷത്തെ ബഡ്ജറ്റ് വിഹിതം വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തിന്റെ പൂർണ്ണസഹകരണം ഉറപ്പാക്കിക്കൊണ്ട് രൂപകൽപ്പന ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly